ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26.08.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) ഇന്ത്യൻ നിർമിത ഇലക്ട്രിക് വാഹനങ്ങൾ ആഗോള തലത്തിൽ മുന്നേറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. നൂറ് രാജ്യങ്ങളിലേക്ക് ഇന്ത്യ ഇ-വാഹനങ്ങൾ കയറ്റുമതി ചെയ്യുമെന്നും പ്രധാനമന്ത്രി.

**Made in India electric vehicles are now driving onto the global stage, says Prime Minister Narendra Modi. E-vehicles made in the country will be exported to 100 countries.**

2) ഇന്ത്യൻ കർഷകരുടെ താൽപര്യത്തിനാണ് കേന്ദ്രസർക്കാർ പ്രഥമ പരിഗണന നൽകുന്നതെന്ന് കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിങ് ചൗഹാൻ.

**Union Agriculture Minister Shivraj Singh Chouhan has said that the government has refused to allow the import of agricultural goods from the United States, prioritizing the interests and welfare of Indian farmers above all else.**

3) നാവിക സേനയുടെ ഉദയ്ഗിരി , ഹിമഗിരി യുദ്ധകപ്പലുകളുടെ കമ്മീഷനിങ് ഇന്ന് വിശാഖപട്ടണത്ത് നടക്കും. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് അധ്യക്ഷത വഹിക്കും

**Indian Navy to commission two advanced stealth frigates Udaygiri and Himgiri in Visakhapatnam today.**

4) പൊന്നോണത്തിന്റെ വരവറിയിച്ച് ഇന്ന് അത്തം. വിസ്മയകാഴ്ചകൾ ഒരുക്കി തൃപ്പൂണിത്തുറയിൽ അത്തച്ചമയ ഘോഷയാത്രയ്ക്ക് തുടക്കമായി.

**Keralites celebrate Atham today, marking the formal beginning of Onam Festival. Athachamayam procession has begun at Thripunithura in Kochi.**

5) ജമ്മു മേഖലയിൽ കനത്ത മഴ തുടരുന്നു. പ്രളയ ഭീഷണിയിൽ പഞ്ചാബും, ബിഹാറും, ഹിമാചൽ പ്രദേശും.

**In Jammu and Kashmir, various parts of Jammu region have been witnessing continuous heavy rainfall since late last night. Continuous rain in many parts of Punjab causing flooding in many villages. Flood-like situation continues in various areas of Bihar and Himachal Pradesh.**

6) കോമൺവെൽത്ത് ഭാരോദ്വഹന ചാമ്പ്യൻഷിപ്പിൽ സ്വർണ്ണ മെഡൽ നേടി ഇന്ത്യയുടെ മീരാഭായ് ചാനു.

**Mirabai Chanu wins Gold medal at 2025 Commonwealth Weightlifting Championships in Ahmedabad.**

7) ഇന്ത്യയിൽ നിന്നുള്ള ഇറക്കുമതിക്ക് യുഎസ് ഏർപ്പെടുത്തിയ 25 ശതമാനം അധിക തീരുവ നാളെ മുതൽ പ്രാബല്യത്തിൽ

**The United States has officially issued a public notice imposing additional 25 per cent tariffs on imports from India. The new duties will come into effect tomorrow**

&&&&&&&&&&&&&&&&&

**HEADLINE-1**

***PM – GUJARAT –TODAY (INTRO)***

*ഇന്ത്യൻ നിർമിത ഇലക്ട്രിക് വാഹനങ്ങൾ ആഗോള തലത്തിലേക്ക് മുന്നേറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. അഹമ്മദാബാദിലെ ഹൻസൽപൂരിൽ ഹൈബ്രിഡ് ബാറ്ററി ഇലക്ട്രോഡുകളുടെ പ്രാദേശിക ഉത്പാദനത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു പ്രധാനമന്ത്രി. 100 രാജ്യങ്ങളിലേക്ക് ഇന്ത്യൻ നിർമിത ഇ-വാഹനങ്ങൾ കയറ്റുമതി ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു. ഇലക്ട്രിക് വാഹന നിർമാണ മേഖലയെ ശക്തിപ്പെടുത്താൻ ബാറ്ററികളുടെ പ്രാദേശിക ഉത്പാദനം പ്രോത്സാഹിപ്പിക്കേണ്ടത് വളരെ പ്രധാനമാണെന്നും ശ്രീ മോദി വ്യക്തമാക്കി.*

*(ഹോൾഡ്)*

*മാരുതി സുസുക്കിയുടെ ആദ്യ ഇലക്ട്രിക് വാഹനത്തിന്റെ ഫ്ലാഗ് ഓഫും പ്രധാനമന്ത്രി ഹൻസൽപ്പൂർ പ്ലാൻറിൽ നിർവഹിച്ചു.*

&&&&&&&&&&&&&&&&&

**HEADLINE-2**

**SHIVRAJ CHOUHAN – IISER**

*അമേരിക്കയിൽ നിന്നുള്ള കാർഷിക ഉത്പന്നങ്ങളുടെ ഇറക്കുമതിക്ക് കേന്ദ്ര സർക്കാർ അനുമതി നിഷേധിച്ചതായി കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിങ് ചൗഹാൻ. ഇന്ത്യൻ കർഷകരുടെ താൽപര്യത്തിനാണ് മറ്റെന്തിനെക്കാളും മുൻഗണന നൽകുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. ഭോപാൽ ഐസറിന്റെ ബിരുദദാന ചടങ്ങിൽ സംസാരിക്കുകയാരുന്നു*

*അദ്ദേഹം. സ്വന്തം ജനതയുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിൽ രാജ്യത്തിന് പൂർണ ആത്മവിശ്വാസമുണ്ടെന്നും അദ്ദേഹം പറഞ്ഞു.*

*(ഹോൾഡ്)*

&&&&&&&&&&&&&&&&&&

**HEADLINE-3**

**INDIAN NAVY – UDAYGIRI – HIMGIRI**

ഇന്ത്യൻ നാവിക സേനയുടെ ഉദയ്ഗിരി, ഹിമഗിരി യുദ്ധകപ്പലുകളുടെ കമ്മീഷനിങ് ഇന്ന് വിശാഖപട്ടണത്ത് നടക്കും. ചടങ്ങിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് അധ്യക്ഷത വഹിക്കും. സെൻസർ സംവിധാനങ്ങൾ, രൂപകൽപന, ആയുധങ്ങൾ വഹിക്കാനുള്ള ശേഷി തുടങ്ങിയവയിൽ ഇരു കപ്പലുകളും മികവ് പുലർത്തുന്നതായി പ്രതിരോധ മന്ത്രാലയം അറിയിച്ചു. ഉദയഗിരി മുംബൈയിലെ കപ്പൽ നിർമാണ ശാലയിലും, ഹിമഗിരി കൊൽക്കത്തയിലുമാണ് നിർമിച്ചത്.

&&&&&&&&&&&&&&&&&&

**GOVT–UPS–NPS**

കേന്ദ്ര സർക്കാർ പുതുതായി അവതരിപ്പിച്ച ഏകീകൃത പെൻഷൻ പദ്ധതി UPS തിരഞ്ഞെടുക്കുന്നവർക്ക്, ദേശീയ പെൻഷൻ പദ്ധതി NPS ലേക്ക് ഒറ്റത്തവണ മാറാൻ സംവിധാനം ഒരുക്കി കേന്ദ്ര ധന മന്ത്രാലയം. വിരമിക്കലിന് ഒരു വർഷം മുമ്പ് വരെയും, സ്വമേധയാ വിരമിക്കുന്നതിന് മൂന്ന് മാസം മുമ്പ് വരെയും മാത്രമാണ് UPS വരിക്കാർക്ക് ഈ സൗകര്യം ലഭിക്കുക. പിരിച്ചുവിടലോ അച്ചടക്ക നടപടിയോ നേരിടുന്ന ജീവനക്കാർക്ക് ഇതിന് അർഹതയില്ല. ജൂലൈ 20 വരെയുള്ള കണക്കുകൾ പ്രകാരം 31,555 കേന്ദ്ര ജീവനക്കാരാണ് ഏകീകൃത പെൻഷൻ പദ്ധതി തിരഞ്ഞെടുത്തിട്ടുണ്ട്. സെപ്റ്റംബർ 30 ആണ് പദ്ധതിയിൽ ചേരാനുള്ള അവസാന തീയതി.

&&&&&&&&&&&&&&&&&&

**GOVT – COMMITTEE**

സർദാർ വല്ലഭ്ഭായ് പട്ടേലിന്റെയും ഗോത്ര നേതാവ് ബിർസ മുണ്ടയുടെയും 150-ാം ജന്മവാർഷികവും അടൽ ബിഹാരി വാജ്പേയിയുടെ ജന്മശതാബ്ദിയും ആഘോഷിക്കുന്നതിനായി കേന്ദ്ര സർക്കാർ മൂന്ന് ഉന്നതതല സമിതികൾ രൂപീകരിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള സമിതികൾ, രാജ്യത്തുടനീളം അനുസ്മരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകും.

&&&&&&&&&&&&&&&&&

**Election Commission**

ബിഹാർ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിലൂടെ തയ്യാറാക്കിയ കരട് പട്ടികയിൽ തിരുത്തൽ വരുത്താൻ 7 ദിവസം മാത്രം ശേഷിക്കേ, 99.11 ശതമാനം വോട്ടർമാരും രേഖകൾ സമർപ്പിച്ചതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ബൂത്ത് ലെവൽ ഓഫീസർമാരുടെ സഹായത്തോടെ സമയപരിധിക്കുള്ളിൽ രേഖകൾ പൂർണമായും സ്വീകരിക്കാൻ സാധിക്കുമെന്നും കമ്മീഷൻ വ്യക്തമാക്കി.

&&&&&&&&&&&&&&&&&

ബ്രേക്ക്

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്**

(ബ്രേക്ക്)

&&&&&&&&&&&&&&&&&

**HEADLINE-4**

**ATHAM**

പൊന്നോണത്തിന്റെ വരവറിയിച്ച് ഇന്ന് അത്തം, തൃപ്പൂണിത്തുറയിൽ അത്തച്ചമയ ആഘോഷങ്ങൾക്ക് തുടക്കമായി. വൻ ജനാവലിയെ സാക്ഷിയാക്കി മന്ത്രി പി രാജീവ് അത്തപ്പതാക ഉയർത്തി. മലയാളികളുട ജനകീയ ആഘോഷമാണ് ഓണമെന്ന് ചടങ്ങുകൾ ഉദ്ഘാടനം ചെയ്തു മന്ത്രി എംബി രാജേഷ് പറഞ്ഞു. നടൻ ജയറാം ഘോഷയാത്ര ഫ്ളാഗ് ഓഫ് ചെയ്തു. ഘോഷയാത്ര കണക്കിലെടുത്ത് തൃപ്പൂണിത്തുറയിൽ രാവിലെ എട്ട്

മണി മുതൽ വൈകിട്ട് മൂന്നു മണി വരെ ഗതാഗത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&

**ONAM (INTRO)**

പൊന്നോണത്തെ വരവേൽക്കാനുള്ള തയ്യാറെടുപ്പിലാണ് തലസ്ഥാന നഗരി. സംസ്ഥാനതല ഓണാഘോഷ പരിപാടികൾ സെപ്തംബർ മൂന്നു മുതൽ 9 വരെ തിരുവനന്തപുരത്ത് നടക്കും.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാപ്രതിനിധി രെജു കോലിയക്കോട്...

(വോയിസ്)

&&&&&&&&&&&&&&&&&

**ONAKITT**

സംസ്ഥാന സർക്കാരിന്റെ സൗജന്യ ഓണക്കിറ്റ് വിതരണത്തിന്റെ ഉദ്ഘാടനം മന്ത്രി ജി.ആർ.അനിൽ ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും. എ.എ.വൈ റേഷൻ കാർഡ് ഉടമകൾക്കും ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുമാണ് കിറ്റ് നൽകുന്നത്. പഞ്ചസാര, വെളിച്ചെണ്ണ, ഉപ്പ് ഉൾപ്പെടെ 14 ഇനം അവശ്യ വസ്തുക്കൾ അടങ്ങിയതാണ് ഓണക്കിറ്റ്.

&&&&&&&&&&&&&&&&&

**HEADLINE-5**

**J K- WEATHER**

ജമ്മു മേഖലയിൽ ഇന്നലെ രാത്രി മുതൽ കനത്ത മഴ തുടരുകയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് തുടർച്ചയായ രണ്ടാം ദിവസവും അവധി നൽകി. ജമ്മു കശ്മീരിലും ലഡാക്കിലും നടക്കാനിരുന്ന 10,12 ക്ലാസ്സ് പരീക്ഷകളും മാറ്റിവച്ചു. പർവ്വത മേഖലയിൽ മണ്ണിടിച്ചിലിനും, മേഘവിസ്ഫോടനത്തിനും സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നാണ് നിർദ്ദേശം . ജമ്മു, റിയാസി, ഉധംപൂർ, സാംബ, കത്വ

രജൗരി മേഖലകളിൽ കനത്ത മഴ തുടരുമെന്നാണ് കാലാവസ്ഥാ മുന്നറിയിപ്പ്.

&&&&&&&&&&&&&&&&&&

**REV. PUNJAB- FLOOD**

കനത്ത മഴയെത്തുടർന്ന് പഞ്ചാബിലെ ഫാസിൽക്ക, ഗുരുദാസ്പൂർ, ഹോഷിയാർപൂർ, കപൂർത്തല, ഫിറോസ്പൂർ ജില്ലകളിൽ വെള്ളപ്പൊക്കം രൂക്ഷം. രാവി, ബിയാസ്, സത്ലജ് നദികൾ കരകവിഞ്ഞൊഴുകുകയാണ്. 20 ലധികം ഗ്രാമങ്ങളിൽ നിന്നും ജനങ്ങളെ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറ്റാൻ നടപടികൾ സ്വീകരിച്ചു. പ്രളയബാധിത ജില്ലകളിലെ സ്കൂളുകൾക്ക് ഇന്ന് അവധി നൽകിയിരിക്കുകയാണ്.

&&&&&&&&&&&&&&&&&&

**BIHAR FLOOD ALERT**

ബീഹാറിലെ പട്ന, ഭഗൽപൂർ ഉൾപ്പെടെയുള്ള മേഖലകളിൽ ഗംഗാ നദിയിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതിനെ തുടർന്ന് കേന്ദ്ര ജല കമ്മീഷൻ ഓറഞ്ച് ജാഗ്രത പുറപ്പെടുവിച്ചു . വെള്ളപ്പൊക്ക സാധ്യത നിലനിൽക്കുന്ന സാഹചര്യത്തിൽ ജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശം നൽകി.

&&&&&&&&&&&&&&&&&&

**HP - WEATHER**

കനത്ത മഴയിൽ ഹിമാചൽ പ്രദേശിൽ ജനജീവിതം ദുരിതത്തിൽ. നദികൾ കരകവിഞ്ഞൊഴുകിയതിനെ തുടർന്ന് സമതല മേഖലകളിൽ പ്രളയ സമാന സാഹചര്യമാണുള്ളത്. കാംഗ്ര, ചമ്പ ജില്ലകളിൽ ഇന്നും അതിതീവ്ര മഴയ്ക്ക് സാധ്യതയുണ്ട്. ഈ മാസം 31 വരെ മഴ തുടരുമെന്നാണ് കാലാവസ്ഥാ വിഭാഗത്തിൻറെ മുന്നറിയിപ്പ്.

&&&&&&&&&&&&&&&&&&

**HEADLINE-6**

**MIRABAI CHANU,**

അഹമ്മദാബാദിൽ നടന്നകോമൺവെൽത്ത് ഭാരോദ്വഹന ചാമ്പ്യൻഷിപ്പിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കി ഇന്ത്യയുടെ മീരാഭായ് ചാനു. ഇതോടെ 2026 ലെ ഗ്ലാസ്ഗോ കോമൺവെൽത്ത് ഗെയിംസിലേക്ക് ചാനു യോഗ്യത ഉറപ്പാക്കി.

&&&&&&&&&&&&&&&&&&

**NEERAJ CHOPRA**

സ്വിറ്റ്സർലന്റിലെ സൂറിച്ചിൽ നടക്കുന്ന ഡയമണ്ട് ലീഗ് ഫൈനലിൽ ഒളിമ്പിക് മെഡൽ ജേതാവായ, ഇന്ത്യൻ ജാവലിൻ ത്രോ താരം നീരജ് ചോപ്ര പങ്കെടുക്കും. വ്യാഴാഴ്ചയാണ് മത്സരം.

&&&&&&&&&&&&&&&&&&

**HEADLINE-7**

**US – INDIA – TARIFFS**

ഇന്ത്യയിൽ നിന്നുള്ള ഇറക്കുമതിക്ക് 25 ശതമാനം അധിക തീരുവ ചുമത്താനുള്ള അമേരിക്കയുടെ തീരുമാനം നാളെ മുതൽ പ്രാബല്യത്തിൽ . ഇത് സംബന്ധിച്ച് യുഎസ് കസ്റ്റംസ് ആൻഡ് ബോർഡർ പ്രൊട്ടക്ഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു. ഓഗസ്റ്റ് 6 നാണ് ഇത് സംബന്ധിച്ച എക്സിക്യൂട്ടീവ് ഉത്തരവിൽ യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഒപ്പുവച്ചത്. ഇതോടെ ഇന്ത്യയിൽ നിന്നുള്ള ഉത്പന്നങ്ങളുടെ തീരുവ 50 ശതമാനമായി ഉയരും. നടപടി അന്യായവും, നീതീകരിക്കാനാവാത്തതും, യുക്തിരഹിതവുമാണെന്ന് ഇന്ത്യ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**ZELENSKYY – PM MODI**

യുക്രെൻ സ്വാതന്ത്ര്യദിനത്തിൽ ആശംസകൾ നേർന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയ്ക്ക് നന്ദി അറിയിച്ച് പ്രസിഡന്റ് വോളോഡിമർ സെലൻസ്കി. യുക്രെനിലെ സമാധാനത്തിനും, ചർച്ചകൾക്കുമായി ഇന്ത്യ നടത്തിവരുന്ന ഇടപെടലുകളെ സെലൻസ്കി അഭിനന്ദിച്ചു. യുദ്ധം

അവസാനിപ്പിക്കാൻ നടക്കുന്ന ആഗോള ഇടപെടലുകളിൽ ഇന്ത്യയുടെ പിന്തുണ പ്രതീക്ഷിക്കുന്നതായും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 31 ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിന്റെ 125-ാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 29 വരെ പങ്കുവയ്ക്കാം

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&